പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3792 19.02.2013 ൽ മറുപടിക്ക്

## വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ. കെ. വിജയൻ | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) കോഴിക്കോട് ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ നിലവിലുണ്ട്; | (ബി) കോഴിക്കോട് ജില്ലയിൽ വിദ്യാലയങ്ങൾ കേന്ദ്രീകരിച്ച് മയക്കുമരുന്ന് സംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കോഴിക്കോട് സിറ്റിയിൽ ചേവായൂർ പോലീസ് സ്റ്റേഷൻ പരിധിയിൽപ്പെട്ട സിൽവർ ഹിൽസ് ഹയർസെക്കണ്ടറി സ്കൂൾ പരിസരത്ത് വച്ച് 2011 നവംബർ മാസത്തിൽ ഒരു കേസ് റിപ്പോർട്ടാവുകയും ക്രൈം നമ്പർ 579/2011 പ്രകാരം രജിസ്റ്റർ ചെയ്തിട്ടുമുണ്ട്. |
| (സി) കോഴിക്കോട് നാർക്കോട്ടിക് സെല്ലിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഈ സർക്കാരിന്റെ കാലത്ത് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ? | (സി) കോഴിക്കോട് സിറ്റിയിൽ ഒരു അസിസ്റ്റന്റ് കമ്മീഷണറുടെ കീഴിലും കോഴിക്കോട് റൂറലിൽ ഒരു ഡി.വൈ.എസ്.പി.യുടെ കീഴിലുമാണ് നാർക്കോട്ടിക് സെൽ പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് ജില്ലയിൽ മയക്കുമരുന്ന് കടത്തുകാരെയും വിൽപ്പനക്കാരെയും സംബന്ധിച്ച് രഹസ്യാന്വേഷണങ്ങൾ നടത്തിയും സംശയമുള്ള സ്ഥലങ്ങളിൽ അപ്രതീക്ഷിത റെയിഡുകൾ നടത്തിയും കുറ്റക്കാരെ നിയമത്തിനു മുന്നിൽ കൊണ്ടുവരാനായി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തിവരുന്നു. |

സെക്ഷൻ ഓഫീസർ